# Malayala Manorama

# 29 August 2018

# After Flood, Flood Relief Fund

## ദുരിതാശ്വാസത്തിന് സഹായ പ്രവാഹം

■ സഹായവുമായി ഗൂഗിളും മൈക്രോസോഫ്റ്റും

തിരുവനന്തപുരം ● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഇതുവരെ സംഭാവനയായി ലഭിച്ചത് 718.08 കോടി രൂപ. ഇന്നലെ മാത്രമെത്തിയത് 4.16 കോടി രൂപ.

■ കേരളത്തിലെയും കർണാടകയിലെയും പ്രളയദുരിതാശ്വാസമായി ഏഴു കോടി രൂപ നൽകുമെന്നു ഗൂഗിൾ ഏഷ്യ വൈസ് പ്രസിഡന്റ് രാജൻ ആനന്ദൻ പറഞ്ഞു.

■ മൈക്രോസോഫ്റ്റ് സ്ഥാപകനായ ബിൽഗേറ്റിന്റെ ബിൽ ആൻഡ് മെലിൻഡാ ഫൗണ്ടേഷൻ 4.2 കോടി രൂപ യുണിസെഫ് വഴി കൈമാറുമെന്നു ഫൗണ്ടേഷൻ പ്രസിഡന്റ് ക്രിസ് ഏലിയാസ് അറിയിച്ചു.

■ കുടുംബശ്രീ 5.27 കോടി രൂപ കൈമാറും. ഒരു ലക്ഷത്തിലധികം വീടുകളും 2000 പൊതുസ്ഥലങ്ങളും ശുചിയാക്കി.

■ ഉത്തരാഖണ്ഡ് സർക്കാരിന്റെ അഞ്ചു കോടി രൂപ അഡീ. റസിഡന്റ് കമ്മിഷണർ ഇളഗിരി കൈമാറി.

■ ഇലക്ട്രോണിക്സ് ഉൽപന്ന നിർമാതാക്കളായ ഹാവെൽസ് ഇന്ത്യ അഞ്ചു കോടി രൂപ നൽകി.

■ ഫ്ലിനബർ ഗ്രൂപ്പ് സ്ഥാപകനും പ്രമുഖ വ്യവസായിയുമായ ബി.ആർ.ഷെട്ടി നാലു കോടി രൂപ നൽകി.

■ ഇറാം ഗ്രൂപ്പിന്റെ കീഴിലുള്ള ഐടിഎൽ ടൂർസ് ആൻഡ് ട്രാവൽസ് രണ്ടു കോടി രൂപ കൈമാറി.

■ അപ്പോളോ ടയേഴ്സിന്റെ രണ്ടു കോടി രൂപ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഒ.എസ്.കൻവാർ കൈമാറി.

■ കാർബോറാണ്ടം യൂണിവേഴ്സൽ ഒന്നരക്കോടി രൂപയും ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസിന്റെ 50 ലക്ഷം രൂപയും ചേർത്ത് രണ്ടു കോടി രൂപ മുരുഗപ്പ ഗ്രൂപ്പ് കൈമാറി.

■ ഹ്യുണ്ടായ് കൺസ്ട്രക്ഷൻ എക്യുപ്മെന്റ് ഇന്ത്യ ലിമിറ്റഡ് ഒരുകോടി രൂപ നൽകി.

■ കേരള നജ്‌വത്തുൽ മുജാഹിദീൻ 50 ലക്ഷം രൂപ നൽകി.

■ ജപ്പാനിലെ മലയാളി സംഘടനയായ നിഹോൺ കൈരളിയുടെ 26 ലക്ഷം രൂപ സുരേഷ് ലാൽ, രമണി എന്നിവർ കൈമാറി.

■ തമിഴ്നാട് മുൻ മുഖ്യമന്ത്രി എം.ജി.ആറിന്റെ ഭാര്യ ജാനകി രാമചന്ദ്രന്റെ സഹോദരപുത്രൻ ദീപൻ നാലുലക്ഷം രൂപ കോട്ടയം ജില്ലയിലെ കല്ലറ പഞ്ചായത്തിനു നൽകി.

■ തിരുവനന്തപുരം ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആദ്യ ഗഡുവായി 12 ലക്ഷം രൂപ നൽകി. വിവിധ വകുപ്പുകളിൽനിന്നു വിരമിച്ചവരിൽനിന്ന് സ്വരൂപിച്ച ആറു ലക്ഷം രൂപ ഉടൻ കൈമാറുമെന്ന് ഡയറക്ടർ ഡോ. ആശ കിഷോർ അറിയിച്ചു.

■ നോർത്ത് അമേരിക്കയിലെ ആന്ധ്രാപ്രദേശ് ഡോക്ടർമാരുടെ സംഘടനയായ ഡാന പത്തു ലക്ഷം രൂപ നൽകി.

■ നിത്യോപയോഗ ഉൽപന്ന ബ്രാൻഡായ കെവിൻകെയർ 10 ലക്ഷം രൂപയും ക്യാംപുകളിലേക്ക് 70 ലക്ഷം രൂപയുടെ ഉൽപന്നങ്ങളും നൽകി.

■ ഇന്ത്യ സിമന്റ്സ് 32 ലക്ഷം രൂപയുടെ അവശ്യവസ്തുക്കൾ ക്യാംപുകൾക്കു കൈമാറി.

■ ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ തുടങ്ങിയവയുമായി ഓയിൽ ആൻഡ് നാച്ചുറൽ ഗ്യാസ് കോർപറേഷന്റെ മൂന്നു ഹെലിക്കോപ്റ്ററുകൾ സംസ്ഥാനത്തെത്തി.

## 60 സെന്റ് നൽകി ഡോ. ടോമിച്ചൻ



കോട്ടയം● കിടപ്പാടം നഷ്ടപ്പെടുത്തിയവർക്കു വേണ്ടി മെഡിക്കൽ കോളജിലെ ഡോക്ടർ 60 സെന്റ് സ്ഥലം കൈമാറി. മെഡിക്കൽ കോളജ് മുൻ ആർഎംഒയും അസ്ഥിരോഗ വിഭാഗം അഡീഷനൽ പ്രഫസറുമായ ഡോ. എം.സി.ടോമിച്ചനാണ് ചങ്ങനാശേരി, തൃക്കൊടിത്താനത്ത് പഴയചിറ ഭാഗത്ത് 60 സെന്റ് സ്ഥലം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു കൈമാറിയത്. തന്റെ ഒരുമാസത്തെ ശമ്പളമായ ഒരു ലക്ഷം രൂപയും കൈമാറി.

## പ്രളയബാധിതർക്ക് 60 സെന്റ് നൽകി ജോർജ് കുളങ്ങര



കുറവിലങ്ങാട്● പ്രളയക്കെടുതിയിൽ എല്ലാം നഷ്ടപ്പെട്ടവർക്കു വീട് വയ്ക്കാൻ 60 സെന്റ് സ്ഥലം സൗജന്യമായി വിട്ടു നൽകാൻ സന്നദ്ധത അറിയിച്ച് മരങ്ങാട്ടുപിള്ളി ലേബർ ഇന്ത്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചെയർമാൻ ജോർജ് കുളങ്ങര. ലേബർ ഇന്ത്യ ഗ്രീൻ ഗാർഡൻ ആശ്രമത്തോടു ചേർന്നുള്ള 60 സെന്റാണ് നൽകുക.

കേരളമാണ് തനിക്ക് എല്ലാം തന്നതെന്നും നാട് ദുരിതത്തിലാകുമ്പോൾ അതിൽ ചെറിയൊരു ശതമാനമെങ്കിലും തിരിച്ചു നൽകേണ്ടത് കടമയാണെന്നും ജോർജ് കുളങ്ങര പറഞ്ഞു. നേരത്തേ പ്രളയ ദുരിത മേഖലകളിൽ 50,000 ലീറ്ററിലേറെ ശുദ്ധജലം സൗജന്യമായി നൽകിയിരുന്നു. കുട്ടനാട്ടിൽ ഇന്നും ജലവിതരണം തുടരും.

## വിവാഹത്തലേന്ന് രണ്ടു പവൻ നൽകി വധു

പാലക്കാട്● കോട്ടായിയിൽ വിവാഹത്തലേന്നു വധു രണ്ടു പവൻ സ്വർണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്തു. ചമ്പ്രക്കുളം കണക്കുളങ്ങരയിൽ കെ.വി.രാമദാസിന്റെ മകൾ ദീപ്തിയാണു സ്വർണം കൈമാറിയത്.

## അബ്ദുല്ലക്കുട്ടി 15 സെന്റ് കൈമാറും



കണ്ണൂർ● ദുരന്തമനുഭവിക്കുന്നവരുടെ പുനരധിവാസത്തിനു ഭൂമി വിട്ടുനൽകാമെന്ന വാഗ്ദാനവുമായി കോൺഗ്രസ് നേതാവ് എ.പി. അബ്ദുല്ലക്കുട്ടി. 15 സെന്റ് സ്ഥലം കെപിസിസിയുടെ ആയിരം വീട് പദ്ധതിയിലേക്കു നൽകാനുള്ള സന്നദ്ധത അബ്ദുല്ലക്കുട്ടി കെപിസിസി പ്രസിഡന്റിനെയും പ്രതിപക്ഷ നേതാവിനെയും അറിയിച്ചു. ഇതിനു പുറമേ, ഒരു മാസത്തെ എംപി പെൻഷൻ 25,700 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകും.